**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അതുവഴി വരുമാന ചോർച്ച പരിഹരിക്കുന്നതിനും മത്സ്യഫെഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി 9 ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡിന്റെ അധീനതയിൽ പ്രവർത്തിച്ചു വരുന്നു. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് പ്രതിമാസം സബ്സിഡി നിരക്കിൽ അനുവദിക്കുന്ന പരമാവധി മണ്ണെണ്ണ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ വീതവും, 10 മുതൽ 15 HP വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ വീതവും, 15 HPയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ വീതവുമാണ്. ഇപ്രകാരം അനുവദിക്കുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25/- രൂപ നിരക്കിൽ സബ്സിഡി തുക മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി ഓരോ മാസവും ലഭ്യമാക്കി വരുന്നു. കൂടാതെ വിപണി നിരക്കിൽ 10 HP വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും, 10 മുതൽ 15 HP വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും, 15 HPയ്ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുടെ ആവശ്യ പ്രകാരം നൽകി വരുന്നു. |
| (ബി) | നിലവിൽ മത്സ്യഫെഡ് വഴി എത്ര രൂപയാണ് മണ്ണെണ്ണ സബ്സിഡി നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡിൻറെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25/- രൂപ നിരക്കിലാണ് നിലവിൽ സബ്സിഡിയായി സർക്കാർ അനുവദിച്ചു വരുന്നത്. |
| (സി) | 2010 മുതൽ നാളിതുവരെ എത്ര തവണ മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിച്ചു എന്ന വിവരം നൽകാമോ? | (സി) | മണ്ണെണ്ണക്ക് സബ്സിഡി നൽകുന്ന പദ്ധതി ആരംഭിച്ചത് മുതൽ ലിറ്ററിന് 25/- രൂപ നിരക്കിലാണ് സബ്സിഡി തുക നൽകി വരുന്നത്.<br><br>സംസ്ഥാനത്തിന് ആവശ്യമായ അത്രയും അളവ് മണ്ണെണ്ണ നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് |

| | | | |
|---|---|---|---|
| | | | നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കിയും അതോടൊപ്പം മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്തവിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിച്ചുകൊണ്ടും മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഇതേ വരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ